പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 311 09.06.2014-ൽ മറുപടിക്ക്

<u>പുനലൂർ വഴിയുള്ള ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. രാജു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്തു നിന്നും അഞ്ചൽ-പുനലൂർ-പത്തനംതിട്ട വഴി സർവ്വീസ് നടത്തിയിരുന്ന തിരുവനന്തപുരം-സേനാപതി ഫാസ്റ്റ് പാസഞ്ചർ ബസ് കൊട്ടാരക്കര-കോട്ടയം എം.സി. റോഡിലൂടെ മാറ്റി സർവ്വീസ് നിശ്ചയിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ; | (എ) | വരുമാനം തീരെ കുറവായതിനാലാണ് ഈ സർവ്വീസ് മാറ്റി നിശ്ചയിക്കേണ്ടി വന്നത്. |
| (ബി) | പുനലൂർ മേഖലയിലെ ജനവിഭാഗങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുമോ ; | (ബി) | നിലവിലെ സർവ്വീസ്, കോർപ്പറേഷനും ബഹു. ഭൂരിപക്ഷം യാത്രക്കാർക്കും ഗുണകരമായതിനാൽ മാറ്റി ഓടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | തിരുവനന്തപുരം-പുനലൂർ - ചെറുതോണി (ഇടുക്കിഡാം) ബസ് സർവ്വീസ് നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ ; പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ? | (സി) | വരുമാനക്കുറവ് കാരണം ടി സർവ്വീസ് പുനഃക്രമീകരിച്ച് രാത്രി 08:00 മണിക്ക് കിളിമാനൂരിൽ നിന്നും തിരിച്ച് തിരുവനന്തപുരത്ത് എത്തി അവിടെ നിന്നും രാത്രി 10:30 -ന് പുനലൂർ വഴി കട്ടപ്പന സർവ്വീസ് ആയി പുനഃക്രമീകരിച്ചു. എന്നിട്ടും വരുമാനം തീരെ ലഭ്യമല്ലാതിരുന്നതിനാൽ നിലവിൽ ഈ സർവ്വീസ് നിർത്തി വച്ചിരിക്കുകയാണ്. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് ടി സർവ്വീസ് പുനഃക്രമീകരിച്ച് പുനഃരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ